**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5393** **21-03-2025 - ൽ മറുപടിയ്ക്ക്**

**തീറ്റപ്പുൽ, കാലിത്തീറ്റ ഉത്പാദനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. രാജ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകാലികൾക്ക് ആവശ്യമായ നാരടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ, തീറ്റപ്പുൽ എന്നിവ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കേരളത്തിൽ ആവശ്യമായ തീറ്റപ്പുല്ലിന്റെ 47% മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്.<br><br>വെറ്ററിനറി സർവ്വകലാശാലയുടെ അഞ്ചോളം കാറ്റിൽ ഫാമുകളിൽ നിന്നായി ഏകദേശം 8200 മെടിക് ടൺ പുല്ല് വർഷത്തിൽ ഉൽപ്പാദിപ്പിച്ച് കന്നുകാലികൾക്ക് കൊടുക്കുന്നു. വർഷത്തിൽ 121 മെടിക് ടണ്ണോളം സൈലേജും 25 ടണ്ണോളം ഹേയും ഉൽപ്പാദിപ്പിക്കുന്നു. ഇതു കൂടാതെ ഏകദേശം 10 ലക്ഷം പുൽക്കടകൾ കർഷകർക്കായി ഈ ഫാമുകളിൽ നിന്ന് വിതരണം ചെയ്യുന്നു |
| (ബി) | തീറ്റപ്പുൽ ലഭ്യതയിലെ കുറവ് കണക്കിലെടുത്ത് ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുവാനും, കാലിത്തീറ്റയുടെ ഉപയോഗം ലഘൂകരിച്ച് ക്ഷീരവൃത്തി ലാഭകരമാക്കുവാൻ സർക്കാർ കഴിഞ്ഞ അഞ്ചു വർഷകാലമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 10,238 ഹെക്ടർ സ്ഥലത്ത് അധികമായി സർക്കാർ ധനസഹായത്തോടുകൂടി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 17.4 ലക്ഷം മെടിക്ക് ടൺ പച്ചപ്പുല്ല് അധികമായി സംസ്ഥാനത്ത് ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>കെ.എൽ.ഡി.ബോർഡ് കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും തീറ്റപ്പുൽ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള തുടർ പദ്ധതി പ്രകാരം സംസ്ഥാനത്ത് കന്നുകാലികൾ കൂടുതലുള്ളതും, കുടുംബശ്രീ പ്രവർത്തനങ്ങൾ സജീവമായതുമായ പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഒരു ഏക്കർ വീതമുള്ള 600 തീറ്റപ്പുൽ കൃഷി യൂണിറ്റുകൾ 2025-26 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

കർഷകരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനുവേണ്ടി കർഷകർക്കും, കുടുംബശ്രീ പ്രവർത്തകർക്കും ബോർഡ് പരിശീലനം നൽകുകയും ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യുന്നതാണ്. ഇതിന് പുറമെ വിവിധ ജില്ലകളിൽ ഒരു ഏക്കർ വീതമുള്ള 100 മാതൃകതീറ്റപ്പുൽ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതുമാണ്.

തീറ്റപ്പുൽ ഉൽപ്പാദന വർദ്ധനവിന് വേണ്ടിയും, ഇതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കെ.എൽ.ഡി.ബോർഡ് സി.ബി.ബി.ഒ (ക്ലസ്റ്റർ ബെയിസ്ഡ് ബിസിനസ്സ് ഓർഗ്ഗനൈ സേഷൻ) ആയി നാല് ഫോഡർ പ്ലസ് എഫ്.പി.ഒ-കൾ രൂപീകരിച്ചിട്ടുണ്ട്. ഫോഡർ പ്ലസ് എഫ്.പി.ഒ-കളുടെ രൂപീകരണത്തിലൂടെ ആ പ്രദേശത്തെ യുവാക്കൾക്ക് മൃഗസംരക്ഷണ തീറ്റപ്പുൽ ഉൽപ്പാദന മേഖലകളിൽ സംരംഭകർ ആകുന്നതിനുള്ള അവസരം ലഭിക്കുന്നതാണ്. കേരളത്തിൽ കൊല്ലം ജില്ലയിൽ, 'കൊല്ലം ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് പ്രൊഡ്യൂസർ കമ്പനി', ഇടുക്കി ജില്ലയിൽ 'മലനാട് ക്ഷീരവികസന ഫാർമർ പ്രൊഡ്യൂസർ കമ്പനി', തൃശ്ശൂർ ജില്ലയിൽ, ''കൈപ്പമംഗലം ലൈവ്സ്റ്റോക്ക് ഡെവലപ്പ് മെന്റ് പ്രൊഡ്യൂസർ കമ്പനി', പാലക്കാട് ജില്ലയിൽ, അട്ടപ്പാടിയിൽ 'പാലക്കാട് ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് പ്രൊഡ്യൂസർ കമ്പനി' എന്നിവ രൂപീകൃതമായി പ്രവർത്തിച്ചുവരുന്നു.

നടീൽ വസ്തുക്കൾ സൗജന്യമായി നൽകിയും, ഉൽപാദനോപാദികൾക്ക് ധനസഹായം നൽകിയും തീറ്റപ്പുൽക്കൃഷിക്ക് പരമാവധി പ്രോത്സാഹനം നൽകി വരുന്നുണ്ട്. തരിശായി കിടക്കുന്ന സ്ഥലത്ത് പുൽക്കൃഷി നടത്തുന്നതിനും ധനസഹായം അനുവദിച്ചു വരുന്നുണ്ട്. തീറ്റപ്പുല്ലിനങ്ങൾക്കു പുറമെ തീറ്റക്കായുള്ള വൃക്ഷവിളകളും, ചോളം തുടങ്ങിയ ഹ്രസ്വ കാലവിളകളും കൃഷി ചെയ്യുന്നതിനു ധനസഹായം നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ തീറ്റപ്പുൽ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് സെക്രട്ടറി കൺവീനറായി വിവിധ വകുപ്പ് മേധാവികളെ ഉൾപ്പെടുത്തി 02.01.2025 തീയതിയിലെ സ.ഉ (സാധാ) നം. 2/2025/ഡിഡി നമ്പർ ഉത്തരവ് പ്രകാരം ഒരു ഫോഡർ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തീറ്റപ്പുൽ ദൗർലഭ്യം പരിഹരിക്കുന്നതിനായി 57500 ഹെക്ടർ സ്ഥലത്ത് കൂടി

തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കേണ്ടതായിട്ടുണ്ടെന്ന് കമ്മിറ്റി കണ്ടെത്തുകയും ഇതിനായി ഒരു വർഷം 11500 ഹെക്ടർ വീതം സ്ഥലത്ത് കൂടി തീറ്റപ്പുൽ കൃഷി നടത്തേണ്ടതാണെന്നും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുല്ലുൽപ്പാദനത്തെ ത്വരിതപ്പെടുത്തുന്നതിനായുള്ള പ്രോജക്ടുകൾ എല്ലാ വർഷവും പദ്ധതിയിനത്തിൽ ഏകദേശം 50 ലക്ഷം രൂപയോളം വെറ്ററിനറി സർവ്വകലാശാലയ്ക്ക് ലഭിക്കുന്നുണ്ട്. ഇതിന്റെ ഉപയോഗപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ യന്ത്രവൽക്കരണം നടപ്പാക്കി പുൽകൃഷി ഭൂമി വർദ്ധിപ്പിച്ച് ഉൽപ്പാദനം കൂട്ടുന്നുണ്ട്. അതുപോലെതന്നെ സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം വർദ്ധിപ്പിക്കുകയും ഫോഡർ ഹാർവെസ്റ്റർ മുതലായ യന്ത്രങ്ങൾ ഉപയോഗിച്ച് പുല്ല് അരിഞ്ഞെടുക്കുന്ന വേഗത കൂട്ടുന്നു. ശാസ്ത്രീയമായി സൈലേജും ഹേയും ഉണ്ടാക്കി പശുക്കൾക്ക് നൽകുകയും ചെയ്യുന്നു.

കേരളത്തിലെ ഗുണമേന്മയുള്ള തീറ്റപ്പുൽ വിഭവങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി വെറ്റിനറി സർവ്വകലാശാലയുടെ സംരംഭകത്വ വിഭാഗം ഡയറക്ടറേറ്റിന്റെ കീഴിൽ യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് ഡവലപ്മെന്റ് സ്കീമിൽ തുടങ്ങിയ ഒരു നൂതന സംരംഭകത്വ ആശയം ആണ് ഫോഡർ ക്രോപ്പ് ഡവലപ്മെൻറ് ആർമി (FCDA) അഥവാ ഫോഡർ ആർമി. കേരളത്തിലുടനീളം ഗുണമേന്മയുള്ള തിറ്റപ്പുല്ല് ഉൽപ്പാദനത്തിന് ആവശ്യമായ മനുഷ്യ വിഭവശേഷി FCDA ഉറപ്പാക്കുന്നതിനും കർഷകരുമായി ലാഭം പങ്കിടുന്ന അടിസ്ഥാനത്തിൽ സാറ്റലൈറ്റ് യൂണിറ്റുകളിൽ തീറ്റപ്പുൽ കൃഷി ഏറ്റെടുക്കുകയും വർഷം മുഴുവനും തീറ്റപ്പുൽ നടിൽ വസ്തുക്കളുടെ വിതരണം ഉറപ്പാക്കുകയും ചെയ്യും. സംസ്ഥാനത്തെ വെറ്ററിനറി സർജന്മാർക്കും ഡയറി എക്സ്റ്റൻഷൻ ഓഫീസർമാർക്കും അതാത് പഞ്ചായത്തുകളിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി FCDA യുടെ സേവനം ലഭിക്കുകയും ചെയ്യും. ഈ പ്രോഗ്രാമിലൂടെ ഇതുവരെ ഏകദേശം 35 സംരംഭകരെ സർവ്വകലാശാല നൽകിയിട്ടുണ്ട്.

കേരള ഫീഡ്സിന്റെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ കെ.എൽ.ഡി. ബോർഡുമായി സഹകരിച്ച് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മിൽമയിൽ തെരഞ്ഞെടുക്കപ്പെട്ട സംരംഭകർ വഴി തീറ്റപ്പുല്ലുകൾ ഉൽപ്പാദിപ്പിക്കുകയും ഇവ മിതമായ

| | | | |
|---|---|---|---|
| | | | നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരികയും ചെയ്യുന്നു. ഓരോ 6 മാസത്തിലും ടെൻഡറുകൾ മുഖാന്തിരം തീറ്റപ്പുല്ല് ശേഖരിക്കുകയും ഇവ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരികയും ചെയ്യുന്നു. |
| (സി) | സംസ്ഥാനത്തിന് ആവശ്യമായ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പൊതുമേഖലാ സ്ഥാപനങ്ങളായ മിൽമയിലൂടെയും, കേരളാ ഫീഡ്സിലൂടെയും സർക്കാർ നിയന്ത്രണത്തിൽ കാലിത്തീറ്റ ഉൽപാദനം നടത്തി വരുന്നുണ്ട്.<br><br>വെറ്ററിനറി സർവ്വകലാശാലയിൽ വരുന്ന കർഷകർക്ക് ചിലവ് കുറഞ്ഞ കാലിത്തീറ്റ ഉൽപ്പാദനത്തിന് വേണ്ടുന്ന നിർദ്ദേശങ്ങളും പരിശീലനങ്ങളും ഇവിടെ നിന്നും നൽകി വരുന്നുണ്ട്. സർവ്വകലാശാലയുടെ അധീനതയിൽ പ്രവർത്തിക്കുന്ന കാലിതീറ്റ ഉൽപ്പാദന കേന്ദ്രത്തിൽ മാസം തോറും 300 ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. അത് പ്രധാനമായും സർവ്വകലാശാലയുടെ കീഴിലെ ഫാമുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ചുരുങ്ങിയതോതിൽ പ്രാദേശികമായുള്ള കർഷകരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമായാണ് നൽകി വരുന്നത്.<br><br>പട്ടണക്കാടും മലമ്പുഴയിലുമായി കെ.സി.എം.എം.എഫ്.-ന് കീഴിൽ പ്രവർത്തിക്കുന്ന പ്രതിദിനം 360 മെട്രിക് ടൺ വീതം ഉൽപ്പാദന ശേഷിയുള്ള രണ്ട് കാലിത് തീറ്റഫാക്ടറികളിലും പരമാവധി ഉൽപ്പാദനം നടത്തുകയും അത്യാവശ്യ ഘട്ടം വരുമ്പോൾ, അവധി ദിനങ്ങളിൽ പോലും പ്ലാൻറുകൾ പ്രവർത്തിപ്പിച്ചുകൊണ്ട് ആവശ്യമായ കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.<br><br>ക്ഷീരകർഷകർക്ക് മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിന് വേണ്ടി കേരള ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂരിൽ 300 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരിക്കുഴിയിൽ 500 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലെ കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉത്പാദന ശേഷി 1750 മെട്രിക് ടൺ ആണ്. കേരളത്തിലെ |

| | | | |
|---|---|---|---|
| | | | ക്ഷീരകർഷകർക്ക് ഗുണ നിലവാരമുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് യഥേഷ്ടം നൽകാൻ കേരള ഫീഡ്സിന് സാധിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് കാർഷിക-കാലാവസ്ഥാ മേഖലകൾക്ക് അനുയോജ്യമായ പുതിയ ഇനം കാലിത്തീറ്റകൾ കണ്ടെത്തുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, കേരളത്തിന്റെ കാലാവസ്ഥയ്ക്കനുയോജ്യമായ തീറ്റപ്പുൽ വിത്തിനങ്ങളും, പുല്ലിനങ്ങളും, പയറുവർഗ്ഗങ്ങളും വികസിപ്പിച്ചെടുക്കുന്നതിനായുള്ള ഗവേഷണം കെ. എൽ.ഡി ബോർഡിന്റെ ഫാമുകളിൽ നടന്നുവരുന്നു. ഇതിൽ സംസ്ഥാനത്ത് കാർഷിക-കാലാവസ്ഥാ മേഖലകൾക്ക് അനുയോജ്യമായ പുതിയ ഇനം കാലിത്തീറ്റകൾ കണ്ടെത്തുന്നതിനുള്ള ഗവേഷണവും ഉൾപ്പെടുത്തുന്നതാണ്.<br><br>കാലാവസ്ഥ വ്യതിയാനം മൂലം സംസ്ഥാനത്ത് പരുഷാഹാര ലഭ്യതയിൽ കുറവുകൾ ഉണ്ടായിട്ടുള്ളത് കാലികളുടെ ഉൽപ്പാദനത്തിനെ സാരമായി ബാധിക്കുന്നതിനാൽ സർവ്വകലാശാല ഗവേഷകർ പരിഹാരമെന്നോണം ടോട്ടൽ മിക്സഡ് റേഷൻ എന്ന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ സാന്ദ്രികൃത തീറ്റകളെയും പരുഷാഹാരങ്ങളെയും സമന്വയിപ്പിച്ച് നിർമ്മിക്കുന്ന ഡെൻസിഫൈയിഡ് കംപ്ലീറ്റ് ഫീഡ് ബ്ലോക്ക് (ഡി.സി.എഫ്.ബി) നിർമ്മിച്ച് വിതരണം നടത്തി വരുന്നുണ്ട്.<br><br>കേരളത്തിലെ കന്നുകാലികൾക്ക് അനുയോജ്യമായ വിവിധ ഇനം കാലിത്തീറ്റകൾ കേരള ഫീഡ്സ് നിലവിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.<br><br>മിൽമയിൽ ധാതുലവണ മിശ്രിതം അടങ്ങിയ കാലിത്തീറ്റയായ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയും അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ ഗോമതി ബൈപ്രോ കാലിത്തീറ്റയും, കിടാരികളുടെ സമ്പൂർണ്ണ വളർച്ചയ്ക്ക് പ്രാധാന്യം കൽപ്പിച്ചുകൊണ്ട് മിൽമ ഡൈമണ്ട് കാലിത്തീറ്റയും മിൽമയുടെ കാലിത്തീറ്റ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുകയും പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**GOVERNMENT OF KERALA**

**Abstract**

Creation of Task Force to address the issue of shortage of Fodder in the State- Task force formed- Orders issued

---

**DAIRY DEVELOPMENT DEPARTMENT**

G.O.(Rt)No.2/2025/DD Dated, Thiruvananthapuram, 02-01-2025

---

Read 1 D O letter No.R-24018/26/2023/DIR ANLM (E-25776) dated 06.09.2023, 08.08.2024 and 04.12.2024 from the Secretary, Ministry of Fisheries,Animal Husbandry and Dairying, Government of India

2 D O letter no. 2-4/2021-SD-III dated 10.10.2023 from the Secretary, Ministry of Fisheries, Animal Husbandry and Dairying, Government of India

3 Minutes of the meeting chaired by the Principal Secretary (AH&DD) held on 13.12.2024 with all stake holders in the Dairy sector.

**ORDER**

India is known as the Dairy of the World with the highest production of milk coming from this country. However, as far as productivity is concerned, we are one of the lowest in the world. It is also important to note that while the addition in the livestock has been significant; the growth in fodder has remained stagnant at 4% of the cultivable land in the past four decades. It has also been decided at the highest level that fodder cultivation and promotion of silage should be given highest priority. It is also seen that though milk prices have remained constant except due to seasonal variation in prices, the cost of fodder has seen huge fluctuations in the last few years. The WPI Index data released by the Office of Economic Adviser, Ministry of Commerce and Industry, registered an increase of 29.29% which is highest since last nine years. There is a disproportionate price rise in the cost of the fodder.

Government of India as per the letters read as 1st paper above have advised that in order to mitigate this problem, it is imperative that all States should seriously look at increasing the area under fodder for

redeveloping community pasture land in Gauthan and degraded forest lands. In addition, the Department of Animal Husbandry and Dairying under National Livestock Mission has a component for Feed and Fodder Development under which subsidy is given to private entrepreneurs for seed production, fodder cultivation and making silage/ TMR etc. Government of India as per letters read as 1st and 2nd paper above have directed all State Governments to create a Task Force in the State to address the issue of fodder shortage in the country, in the above manner comprising of Secretary, Agriculture Department, Secretary, Animal Husbandry & Dairying Department, Secretary, Forests and Wildlife Department and Secretary, Rural Development Department.

In tune with the directives from Government of India, a meeting was chaired by the Principal Secretary (AH&DD) to discuss the issue of fodder shortage in the State with all stakeholders in the dairy sector. Considering the requirement of fodder (in Kg) per Kg, body weight of a cow as part of ration balancing to achieve optimum production of milk, fodder has to be cultivated in 70500 Ha of land, but at present fodder is being cultivated in only 13000 Ha. There is a deficit of 57500 Ha of land for cultivation to meet the fodder requirement in the state. The total production of fodder in the state by all stakeholders (Dairy Development Department, Milma, Kerala Feeds, KLDB) is 22.10 lakhs MT/annum, whereas the total fodder requirement for the cattle population is 120 lakh MT/annum. Admittedly there is huge deficit in the cultivation of fodder in the State. In the discussions that followed it was noted that the matter has to be given serious attention as there is an acute shortage of green fodder in the State and it is high time that the issue is addressed and production increased substantially. This can be done by bringing in the Cultivable waste land available in the State, ie., 99,810 Ha under fodder cultivation. This requires the coordinated efforts of all Government Departments, institutions and the co-operation of the public.

Government have considered the matter in detail and in accordance with the directives from Government of India, Government are pleased to form a Fodder Task Force in the State to address the issue of fodder shortage, with the following members :

1. Principal Secretary (AH&DD) - Convenor
2. Additional Chief Secretary (Forest &Wild Life Department) - Member

3. Principal Secretary, Agriculture department - Member
4. Principal Secretary, Local Self Government Department - Member
5. Member, De-centralised Planning Division, State Planning Board - Member
6. The Chief (Agriculture), State Planning Board - Member

(By order of the Governor)
SHIBU A T
ADDITIONAL SECRETARY

Director, Dairy Development Department, Thiruvananthapuram
Director, Animal Husbandry Department, Thiruvananthapuram
The Chief (Agriculture), State Planning Board, Thiruvananthapuram
The Chief, De-centralised Planning Division, State Planning Board, Thiruvananthapuram
Registrar, Kerala Veterinary and Animal Sciences University, Pookode, Wayanad
Managing Director, Milma, Thiruvananthapuram
Managing Director, KLDB, Pattom, Thiruvananthapuram
Managing Director, Kerala Feeds, Kallettumkara, Thrissur
Principal Accountant General (Audit), Kerala, Thiruvananthapuram
Accountant General (A&E), Kerala, Thiruvananthapuram
Information & Public Relations (Web & New Media) Department
Stock File/Office Copy

Forwarded /By order

Section Officer

Copy To:- PS to Hon'ble Minister (AH&DD)
OSD to Chief Secretary
PA to Additional Chief Secretary (F&WL)

PA to Principal Secretary (AH&DD)
PA to Principal Secretary (LSGD)
CA to Principal Secretary (Agriculture)
Animal Husbandry (F) Department